LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) പമ്പാ നദിയിൽ നിലവിലുള്ള (4-12-2015 തീയതിയിലെ) കോളിഫോം ബാക്ടീരിയയുടെ അളവ് 100 മില്ലി ലിറ്റർ വെള്ളത്തിൽ 3500 മുതൽ 150000 വരെയാണ്. (മുകളിൽ കൊച്ചു പമ്പ മുതൽ താഴെ ആറാട്ട് കടവിന് താഴെവരെ) കളിക്കുവാൻ ഉപയോഗിക്കുന്ന ജലസ്രോതസ്സുകളിൽ ഫീക്കൽ കോളിഫോം ബാക്ടീരിയയുടെ അഭികാമ്യമായ അളവ് 100 മില്ലി ലിറ്റർ വെള്ളത്തിൽ 500 വരെയാണ്. ഫീക്കൽ കോളിഫോം ബാക്ടീരിയയുടെ അങ്ങേയറ്റം അനുവദിക്കാവുന്ന പരിധി 100 മില്ലി ലിറ്ററിൽ 2500 ആണ്. കോളിഫോം ബാക്ടീരിയയുടെ അളവ് അഭികാമ്യമായ പരിധിക്ക് 300 മടങ്ങുവരെ കണ്ടിട്ടുണ്ട്. അണുനശീകരണം മാത്രം നടത്തി കടിവെള്ളമായി ഉപയോഗിക്കാവുന്ന ജലത്തിൽ അനുവദനീയമായ ടോട്ടൽ കോളിഫോം ബാക്ടീരിയയുടെ അളവ് 100 മില്ലി ലിറ്റർ വെള്ളത്തിൽ 50 എണ്ണം വരെയാണ്. പമ്പയിൽ, കൊച്ചുപമ്പ ഭാഗത്തുനിന്നും എടുക്കുന്ന ജലം അണുനശീകരണം മാത്രം നടത്തിയാണ് കടിവെള്ളത്തിനായി വിതരണം ചെയ്യുന്നത്. കോളിഫോം ബാക്ടീരിയയുടെ അളവ് സീസൺ ആരംഭ സമയത്ത് കടിവെള്ള സ്രോതസ്സായ കൊച്ചുപമ്പയിൽ 40000 വരെ ആയിരുന്നത് ശക്തമായ നടപടികൾമൂലം 3500 വരെയായി കുറയ്ക്കുവാൻ സാധിച്ചിട്ടുണ്ട്. ഇത് അനുവദനീയമായ പരിധിയിൽ നിന്നും 70 മടങ്ങ് കൂടുതലാണ്.

(സി) പമ്പയിലെയും അനുബന്ധ ജലാശയത്തിലെയും കോളിഫോം ബാക്ടീരിയയുടെ അളവ് നവംബർ മാസം മുതൽ എല്ലാ ദിവസവും പരിശോധിക്കുന്നുണ്ട്. മണ്ഡല മകര വിളക്ക് കാലം തീരുന്നതുവരെ ഇത് തുടരുകയും ചെയ്യും. പമ്പയിലെ മരാമത്തു കോംപ്ലക്സിൽ പ്രവർത്തിക്കുന്ന ബോർഡിന്റെ ഓഫീസിൽ ദിവസേനയുള്ള പരിശോധനാ ഫലം പ്രദർശിപ്പിക്കുന്നുണ്ട്.

**ഡെന്റൽ കോളേജുകൾ**

6 (2474) ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ ഡെന്റൽ കോളേജുകൾ ആരംഭിക്കുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) 2012-13-ലെ സാമ്പത്തിക വർഷത്തിലെ വാർഷിക ബഡ്ജറ്റിൽ ആലപ്പുഴയിലും തൃശ്ശൂരിലും മെഡിക്കൽ കോളേജുകളോട് അനുബന്ധമായി ഡെന്റൽ കോളേജുകൾ തുടങ്ങാൻ തീരുമാനിച്ചു. ആലപ്പുഴയിൽ 2014-ലും തൃശ്ശൂരിൽ 2015-ലും ഡെന്റൽ കോളേജുകൾ ആരംഭിച്ചിട്ടുണ്ട്. അനുബന്ധമായ സാഹചര്യങ്ങൾ ഒരുക്കി 2014-15 അക്കാദമിക് വർഷത്തിൽ 50 സീറ്റുകളിലേക്ക് ആലപ്പുഴയിലും 2015-16 അക്കാദമിക് വർഷത്തിൽ 50 സീറ്റുകളിലേക്ക് തൃശ്ശൂരിലും ബി.ഡി.എസ്. പ്രവേശനം നൽകുകയുണ്ടായി. ആലപ്പുഴ ഡെന്റൽ കോളേജിന്റെ നിർമ്മാണത്തിന് 62 കോടി രൂപയും തൃശ്ശൂർ ഡെന്റൽ കോളേജിന് 49 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. രണ്ട് കോളേജുകൾക്കുമുള്ള മന്ദിര നിർമ്മാണം നടന്നുവരുന്നു. കൂടാതെ ഡെന്റൽ കൗൺസിൽ ഓഫ് ഇന്ത്യ നിഷ്കർഷിച്ചിരിക്കുന്ന എല്ലാ സജ്ജീകരണങ്ങളും ഒരുക്കിയിട്ടുണ്ട്.

(ബി) സർക്കാർ തലത്തിൽ പുതിയ ഡെന്റൽ കോളേജുകൾ തുടങ്ങുന്നതോടൊപ്പം കൂടുതൽ ഡെന്റൽ സർജന്മാരെ സൃഷ്ടിക്കുവാനും ഗുണമേന്മയുള്ള ഡെന്റൽ ചികിത്സ സൗജന്യമായും/മിതമായ നിരക്കിലും സാധാരണക്കാർക്ക് നൽകുവാനും പ്രത്യേകിച്ച് സർക്കാർ/സ്വകാര്യ ഡെന്റൽ കോളേജുകളുടെ അഭാവം അനുഭവപ്പെടുന്നതും സാമൂഹികമായും സാമ്പത്തികമായും താരതമ്യേന പിന്നോക്കാവസ്ഥയിൽ നിലകൊള്ളുന്ന മത്സ്യബന്ധന മേഖലയായ ആലപ്പുഴ ജില്ലയിൽ സാധ്യമാകുന്നു. ഓറൽ കാൻസർ, ഫ്ലൂറോസിസ്, പോഷകാഹാരക്കുറവ്, വെക്കർ ബോൺ ഡിസീസ് തുടങ്ങിയവയെ ഒരളവുവരെ പ്രതിരോധിക്കാനും അവയിൽ അവബോധം വളർത്താനും സർക്കാർ ഡെന്റൽ ആശുപത്രികൾക്ക് ഒരു പരിധിവരെ കഴിയുന്നു.

(സി) പുതിയതായി രൂപംകൊണ്ട ആലപ്പുഴ/തൃശ്ശൂർ സർക്കാർ ഡെന്റൽ കോളേജുകളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തി വരുംവർഷങ്ങളിൽ കൂടുതൽ ഡെന്റൽ, പി.ജി. സീറ്റുകളിൽ പ്രവേശനം നടത്തി കൂടുതൽ സ്പെഷ്യലിസ്റ്റ് ഡെന്റൽ സർജന്മാരെ സർക്കാർ തലത്തിൽ എത്തിക്കാൻ ശ്രമിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly